## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *131** — **12-06-2019 ൽ മറുപടിക്ക്**

## ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. രാജഗോപാലൻ: | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനും പൊതുനിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ കെഎസ്.ആർ.റ്റി.സി. ആസൂത്രണം ചെയ്തിട്ടുണ്ട്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുന:ക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുക വഴി കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ |

എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ ഒരോ ഒരു മണിക്കൂർ ഇടവേളകളിലും സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റൂട്ട് റാഷണലൈസേഷൻ, ഷെഡ്യൂൾ ക്രോണോളജി തുടങ്ങിയവ തയ്യാറാക്കുന്ന തിലേക്കായി നിലവിലെ ഇ.റ്റി.എം, ഓൺ-ലൈൻ ട്രാക്കിംഗ് ഡാറ്റാ ബെയ് സ് മുതലായവ ഉപയോഗിച്ച് ഡാറ്റാ അനലൈറ്റിക്സ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു ഇത് ഉപയോഗിച്ച് ഡൈനാമിക് റിപ്പോർട്ടിംഗ്, പ്രിഡിക്ടീവ് അനലൈസിസ് തുടങ്ങിയവ ചെയ്യാവുന്നതാണ്.

പൊതു നിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനായി ജലഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വച്ഛമായും,സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് 04/11/2018-ൽ ആരംഭിച്ചു. കൂടാതെ

| | | | |
|---|---|---|---|
| | | | ആലപ്പുഴ-കോട്ടയം റൂട്ടിലേയ്ക്ക് 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള എ.സി. ബോട്ടും, 2 വാട്ടർ ടാക്സികളും ഉടൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിലേയ്ക്കായി ഇന്ത്യയിലെ പ്രഥമ സംരഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് "ആദിത്യ" വൈക്കം-തവണക്കടവ് റൂട്ടിൽ മെച്ചപ്പെട്ട സർവ്വീസ് നടത്തി വരുന്നു. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ 5 റെസ്ക്യൂ ബോട്ടുകളും നിർമ്മാണം പൂർത്തീകരിച്ചു ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യ സംരഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു ഇതിനുപുറമേ കാലഹരണപ്പെട്ട 14 തടി ബോട്ടുകൾക്ക് പകരം 9 കാറ്റാമറാൻ ബോട്ടുകൾ ഘട്ടംഘട്ടമായ പണി പൂർത്തീകരിച്ച് വരുകയും ചെയ്യുന്നു. ഇതോടൊപ്പം എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്. ക്ലാസിൽ നിർമ്മിച്ച 5 ബോട്ടുകളുടെയും, കൈനകരി സർക്കുലർ സർവ്വീസിന്റെയും ഉദ്ഘാടനം 04/01/19-ൽ നിർവ്വഹിച്ചിട്ടുണ്ട്.<br>കൂടാതെ ഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദ ഇ-ഓട്ടോകൾക്ക് പെർമിറ്റ് നൽകാൻ ആരംഭിച്ചിട്ടുണ്ട്. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും പൊതു നിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനും മെട്രോ റെയിൽ സംവിധാനവും നിലവിലുണ്ട്. മെട്രോയുമായി ബന്ധിപ്പിച്ചുകൊണ്ട് point-to-point സ്പെഷ്യൽ ഓട്ടോ സർവ്വീസ് നടത്തിവരുന്നു. |
| (ബി) | ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനും, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനുമായി ഇന്ത്യയിലെ പ്രഥമ സംരഭമായ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് "ആദിത്യ", സർവ്വീസ് വിജയകരമായി നടത്തി വരുന്നു. വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും യാത്ര |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് നടത്തി വരുന്നു. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടു കൂടിയ ഐ.ആർ.എസ്. ക്ലാസിൽ നിർമ്മിച്ച 5 ബോട്ടുകൾ 04/01/19 മുതൽ സർവ്വീസ് ആരംഭിച്ചു അടിയന്തിര ഘട്ടങ്ങളിൽ വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ 5 റെസ്ക്യൂ ബോട്ടുകൾ സർവ്വീസ് നടത്തി വരുന്നു. |
| (സി) | ഇതിന്റെ ഭാഗമായി അതിവേഗ എ.സി.ബോട്ട്, അത്യാധുനിക സ്റ്റീൽ ബോട്ടുകൾ എന്നിവ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 120 പാസഞ്ചർ കപ്പാസിറ്റിയുള്ള അതിവേഗ എ.സി. പാസഞ്ചർ -കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4/11/2018-ലും എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ് ക്ലാസിൽ നിർമ്മിച്ച 5 ബോട്ടുകളുടെ ഉദ്ഘാടനം 04/01/2019-ലും നടന്നിട്ടുണ്ട്. |
| (ഡി) | ജലത്തിലൂടെയും കരയിലൂടെയും സഞ്ചരിക്കുന്ന വാട്ടർ ബസ് വാങ്ങുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുന്നതിനായി സാങ്കേതിക കമ്മറ്റിയെ നിയോഗിച്ച് സ.ഉ.(സാധാ)നം. 242/2019/Trans തീയതി 4/06/2019 പ്രകാരം ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**